പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7174 — 11/07/2014 ൽ മറുപടിയ്ക്ക്

## ആധുനിക സർവ്വേ സംവിധാനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ജോസഫ് വാഴക്കൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ആധുനിക സർവ്വേ സംവിധാനങ്ങളുപയോഗിച്ച് സർവ്വേ നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) ഉണ്ട് |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ | (ബി) ആധുനിക സർവെ ഉപകരണങ്ങൾ ഉപയോഗിച്ച് റീസർവ്വേ നടപടി സ്വീകരിക്കുമ്പോൾ ഡിജിറ്റൈസ്ഡ് മാപ്പുകളാണ് തയ്യാറാക്കപ്പെടുന്നത്. ഇപ്രകാരമുള്ള റിക്കാർഡുകൾ പ്രാബല്യത്തിൽ വരുത്തുമ്പോൾ അതിനു ശേഷം വരുന്ന കൈമാറ്റങ്ങൾ യഥാസമയം റവന്യൂ റിക്കാർഡുകളിൽ നാളതീകരിക്കാൻ സാധിക്കുന്നു. |
| (സി) ഇതുമൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) പൊതുജനങ്ങൾക്ക് കുറ്റമറ്റ രീതിയിലുള്ള ഭൂരേഖകൾ ലഭ്യമാകും. |
| (ഡി) പ്രസ്തുത രീതിയിൽ സർവ്വേ നടത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) ആധുനിക സർവെ ഉപകരണങ്ങളുടെ സഹായത്താൽ സർവെ നടപടികൾ സ്വീകരിക്കുന്നതിന് മുന്നോടിയായി ജില്ലാ തലത്തിൽ വിവിധ വില്ലേജുകളിൽ ജി.പി.എസ്.വാല്യൂസ് എസ്റ്റാബ്ലിഷ് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകളിൽ ഈ പ്രവർത്തനം തുടർന്നു വരുന്നു. നാളിതുവരെ 3947 ജി.പി.എസ്. പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ